# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1307** **06.03.2020 ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.കെ. ബാബു<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എം. രാജഗോപാലൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാനത്ത് പ്രതിവർഷം എത്ര മെട്രിക് ടൺ പച്ചക്കറി ആവശ്യമായി വരുമെന്നാണ് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ സൂചിപ്പിക്കുന്നതെന്ന് അറിയിക്കുമോ; | എ) & ബി) | കേരളത്തിനെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനായി നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. നിലവിൽ ആവശ്യകതയുടെ 60% മാത്രമാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്. |
| ബി) | നിലവിൽ ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറിയുല്പാദനം എത്ര മെട്രിക് ടൺ ആയിരുന്നുവെന്നും 2018-19 ആയപ്പോൾ അത് എത്ര മെട്രിക് ടൺ ആയി വർദ്ധിച്ചു എന്നും അറിയിക്കാമോ? | സി) | 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പച്ചക്കറി വിസ്തൃതി 52830 ഹെക്ടറും ഉല്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു. 2017-18 - ൽ സംസ്ഥാനത്ത് 69047 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു 2018-19 സാമ്പത്തിക വർഷം 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽ നിന്നും 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. പച്ചക്കറി കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ച് സംസ്ഥാനത്ത് ആവശ്യമായ പച്ചക്കറികൾ കഴിവതും ഇവിടെത്തന്നെ ഉല്പാദിപ്പിക്കുവാനുള്ള ശ്രമമാണ് സംസ്ഥാന സർക്കാർ നടത്തി വരുന്നത്. |

Mayap

**സെക്ഷൻ ഓഫീസർ**